## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1732 — 08/06/2018-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പാറക്കൽഅബ്ദുല്ല<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭവനരഹിതരായവർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള ലൈഫ് മിഷൻ പദ്ധതിയിൽ ആദ്യവർഷം ലക്ഷ്യമിട്ടിരുന്നതിൽ എത്ര ശതമാനം വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 70% വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി ഹഡ്കോയിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഹഡ്കോയിൽ നിന്നും 4000 കോടി രൂപ വായ്പ എടുക്കുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്. |
| (സി) | സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാവർക്കും എന്നത്തേക്ക് വീട് നിർമ്മിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാവർക്കും ലൈഫ് മിഷൻ പദ്ധതിപ്രകാരം 2021-22 വർഷത്തോടെ ഭവനം നിർമ്മിച്ച് നല്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ